കേരള സർക്കാർ

കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്

# 2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2099/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :30.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ

ജോയിന്റ്

ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)2099/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :30.11.2017

## എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)
എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി: | 03.11.2017 മുതൽ 09.11.2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി മിനു. പി.കെ. | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീമതി ഷൈബി ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സന്തോഷ് കുമാർ.എം. | ഓഡിറ്റർ (ഹ.ഗ്രേ.) |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു ഗോപാലകൃഷ്ണൻ | 1.4.2016 | 31.03.2017 |
| സെക്രട്ടറി | ശ്രീ. ആർ.സുരേഷ്കുമാർ | 1.4.2016 | 25.02.2017 (FN) |
| | ശ്രീമതി. പാത്തുമ്മ.എം.എം. (അധിക ചുമതല) | 25.02.2017(AN) | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ) | ഡോ. ഇ. സൈനബ | 1.4.2016 | 31.3.2017 |
| ശിശുവികസന പ്രൊജക്ട് ഓഫീസർ | ശ്രീമതി ബീന റ്റി.ആർ. | 1.4.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ഫ്രാൻസിസ് ജോൺ | 1.4.2016 | 31.3.2017 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ജോജോ മാത്യു | 1.4.2016 | 31.3.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ഷൈനിമോൾ കെ.ബി. | 1.4.2016 | 31.3.2017 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. രാജൻജേക്കബ്ബ് | 1.4.2016 | 31.3.2017 |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | പൊതു അവലോകനം | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 | |
| 7 | ആഭ്യന്തരനിയന്ത്രണം. | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| | ഭാഗം 2 | | |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 | |
| | ഭാഗം 3 | | |
| 11 | തനത് ഫണ്ടിൽ നിന്ന് ചെലവാക്കിയ തുക തിരികെ ഈടാക്കിയില്ല. | 3-1 | |
| 12 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ -ടെണ്ടർ ഫാറ വില ,വാറ്റ് എന്നിവ ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭ്യമായില്ല | 3-2 | |
| 13 | തെറ്റായ താരിഫ് നിർണ്ണയം-ബ്ലോക്ക് പഞ്ചായത്ത് അടവാക്കുന്നത് കൊമേഴ്സ്യൽ നിരക്കിലുള്ള വൈദ്യുതി ചാർജ്ജ് | 3-3 | |
| 14 | ഐ എ വൈ- ഭവനനിർമ്മാണം നടത്തിയ ഭൂമിയുടെ കൈവശാവകാശം മറ്റ് വ്യക്തികളുടെ പേരിൽ | 3-4 | |
| 15 | ഐ എ വൈ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-5 | |
| 16 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത വിഷയത്തിലേ പ്രോജക്ട് നടപ്പാക്കി- ചെലവ് 458227/- തടസപ്പെടുത്തുന്നു | 3-6 | |
| 17 | ആസ്തിസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നില്ല. | 3-7 | |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 | |
| 19 | വാറ്റ് ഇനത്തിൽ തുക കുറവ് ഈടാക്കി | 3-9 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | | |
|---|---|---|---|
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 30 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 എന്നീ വർഷങ്ങളിലെ ബജറ്റ് 27.02.2016 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 34,76,26,333.00 | 34,67,67,176.00 |
| വാർഷിക കണക്കുകൾ പ്രകാരം | 7,27,04,018.00 | 6,98,49,294.00 |
| വ്യത്യാസം | 27,49,22,315.00 | 27,69,17,882.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 05.7.2017 |

ധനകാര്യപത്രിക പരിശോധിച്ചതിൽ വിവരം ഖ. 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35,77,1936.00 |
| വരവ് | 7,27,04,018.00 |
| ആകെ | 10,84,75,954.00 |
| ചെലവ് | 6,98,49,294.00 |
| നീക്കിയിരിപ്പ് | 3,86,26,660.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | ACRപ്രകാരം അലോട്ട് ചെയ്ത തുക | ചെലവ് | ചെലവഴിക്കാതെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 2,82,74,032.00 | 1,68,48,088.00 | 1,14,25,944.00 | 60 |
| എസ്.സി. പി. | 1,00,26,294.00 | 57,85,068.00 | 42,41,226.00 | 58 |
| ടി.എസ്.പി. | 2,71,176.00 | 2,71,176.00 | 0 | 100 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 43,95,936.00 | 35,59,986.00 | 8,35,950.00 | 81 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 80 | 5,20,08,966.00 | 43 | 2,68,84,741.00 | 4 | 33 | 53.75 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1000/- രൂപ വരവ് ഉണ്ടായിരുന്നതായും ഈ തുക ട്രഷറിയിൽ അടച്ചതായും ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രോജക്റ്റ് രജിസ്റ്ററിൽ പ്രോജക്റ്റ് സംബന്ധിച്ചവിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2016 – 28.10.2016 | 2015-16 | 08.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.2.2017 മുതൽ 6.2.2017 വരെ | 2015-16 | 28.03.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. B-1 – ഷെഡ്യൂളിൽ പഞ്ചായത്ത് ജനറൽ ഫണ്ട് എന്ന ഇനത്തിൽ 2015-16-ലെ ക്ലോസിങ്ങ് ബാലൻസും 2016-17-ലെ ഓപ്പണിങ്ങ് ബാലൻസും തമ്മിൽ 4825/-രൂപയുടെ വ്യത്യാസമുണ്ട്.

2. B-4 - ഷെഡ്യൂളിൽ കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്ന ഇനത്തിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകയും B-17 - ഷെഡ്യൂളിൽ ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകയിലും വ്യത്യാസം കാണുന്നു.

3. വാർഷിക ധനകാര്യ പത്രികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ മൂല്യം ചേർത്തിട്ടില്ല.

4. വികസന ഫണ്ട് -ജനറൽ, വികസന ഫണ്ട് -എസ്. സി പി,വികസന ഫണ്ട് -ടി. എസ്. പി, സംരക്ഷണ ഫണ്ട്-റോഡിതരം എന്നീ ഇനങ്ങളിൽ എല്ലാ ചെലവും റവന്യൂ ചെലവായി കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ

ഉൾപ്പെടുത്തിയിരിക്കുന്നു. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ഒഴിവാക്കി റവന്യൂ എക്സ്പെൻഡിച്ചർ മാത്രം ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. 2015-16ധനകാര്യ പത്രിക പ്രകാരം BPFA -I അക്കൗണ്ടിൽ 14,000/- രൂപ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നതായും ഈ തുക സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ് എന്നും 2015-16 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ചൂണ്ടിക്കാണിച്ചിരുന്നു. 2016-17ധനകാര്യ പത്രിക പ്രകാരവും ഈ തുക BPFA -I അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു

6. ബ്ലോക്ക് പഞ്ചായത്തിന്റെ താഴെ പറയുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

a. BOI(57310110003146) SECC a/c
b. BOI (857310110000112)MNREGS A/c -
c. SBI (67270962212)-SIGN
d. SBI (657041606238)-MPLADS

7. തൊഴിലുറപ്പ് പദ്ധതിയുടെ(MNREGS) മൊത്തം വരവും ചെലവും ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. (വരവ്-4,85,880/- ചെലവ്-4,50,158/-)

8. RP -31 ഷെഡ്യൂളിൽ കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻചർ ഫ്രം ബ്ലോക്ക് പഞ്ചായത്ത് എന്ന ഇനത്തിൽ വരവായി ചേർത്തിട്ടുള്ള തുക ഈ ഷെഡ്യൂളിൽ തന്നെ വരവായി വികസന ഫണ്ട് -ജനറൽ, വികസന ഫണ്ട് -എസ്. സി പി, എന്നീ ഇനങ്ങളിൽ വരവായി ചേർത്തിട്ടുള്ളതാണ്. ആയതിനാൽ വരവിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

9. I-18 - ഷെഡ്യൂളിൽ പ്രെയർ പീരിയഡ് ഐറ്റംസ് എന്ന ഇനത്തിൽ ചേർത്തിരിയ്ക്കുന്ന വരവിന്റേയും ചെലവിന്റേയും വിശദാംശങ്ങൾ കുറിപ്പായി ധനകാര്യ പത്രികയിൽ ചേർക്കേണ്ടതാണ്

ഈ അപാകതകൾ പരിഹരിച്ച് ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ടിൽ നിന്ന് ചെലവാക്കിയ തുക തിരികെ ഈടാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് 2016-17 സാമ്പത്തിക വർഷം സാക്ഷരതാപ്രേരക്-മാരുടെ ഹോണറേറിയം ഇനത്തിൽ 1,38,002/-രൂപ(വൗച്ചർ നം-79/2016-17 തീ.11-1-17 -28600/-, വൗച്ചർ നം-91/2016-17 തീ. 25-2-17- 31,500/- ,വൗച്ചർ നം-98/2016-17 തീ. 27-3-17 -77902/- ) നല്കിയിട്ടുണ്ട്. ഈ തുക ഇതുവരെ തിരികെ തനത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ -ടെണ്ടർ

## ഫാറ വില ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭ്യമായില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ 24 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ആയതിന്റെ വാറ്റ് എന്നീ ഇനങ്ങളിലെ വരവ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫീ ഇനത്തിൽ 50,000/- രൂപയും വാറ്റിനത്തിൽ 2,525/- രൂപയും വരവുണ്ട്. ടെണ്ടർ ഫീ ഇനത്തിലെ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 തെറ്റായ താരിഫ് നിർണ്ണയം-ബ്ലോക്ക് പഞ്ചായത്ത് അടവാക്കുന്നത് കൊമേഴ്സ്യൽ നിരക്കിലുള്ള വൈദ്യുതി ചാർജ്ജ്

കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ കൺസ്യൂമർ നം. 3033, 0197 എന്നിവയുടെ വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് യഥാക്രമം LT 7A, LT 6C എന്നിങ്ങനെ ആണ്. എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No.9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് LT 6 B താരിഫാണ് ബാധകം. LT 7A എന്നത് കൊമേഴ്സ്യൽ താരിഫും, LT 6C എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ള സർക്കാർ കെട്ടിടങ്ങൾ, എ ടി എമ്മുകൾ എന്നിവയ്ക്ക് ബാധകമായ താരിഫുമാണ്. LT 6 B , LT 7A, LT 6C എന്നിവയുടെ താരിഫ് താഴെ ചേർക്കുന്നു.

| താരിഫ് | LT 6Bയ്ക്ക് ഈടാക്കേണ്ടത് | LT VI Cയ്ക്ക് ഈടാക്കേണ്ടത് | LT VII A യ്ക്ക് ഈടാക്കേണ്ടത് |
|---|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | 70 | 180 | 60 |
| എനർജി ചാർജ്ജ് 3 ഫേസ് | | | 120 |
| എനർജി ചാർജ്ജ് സിംഗിൾ ഫേസ് | | | |
| Rs/KW/Month | | | |
| 100 യൂണിറ്റ് വരെ | | | 6.00 |
| 200യൂണിറ്റ് വരെ | | | 6.70 |
| 300യൂണിറ്റ് വരെ | | | 7.40 |
| 500യൂണിറ്റ് വരെ | 6.30 | 7.00 | 8.00 |
| 500യൂണിറ്റിന് മുകളിൽ | 7.00 | 8.50 | 9.30 |

കൺസ്യൂമർ നമ്പർ 3033ന് 3000/-KW കണക്റ്റഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 720/- രൂപയുമാണ് ബില്ലുകളിൽ കാണാൻ കഴിഞ്ഞത്.

കൺസ്യൂമർ നമ്പർ 0197ന് 1700KW കണക്ടഡ് ലോഡ് വരുന്നുണ്ട്. ഫിക്സഡ് ചാർജ്ജ് 720/-രൂപയാണ്. കൺസ്യൂമർ നമ്പർ 3033 ന് ശരാശരി 846 യൂണിറ്റും, കൺസ്യൂമർ നമ്പർ 0197 ന് ശരാശരി 610 യൂണിറ്റുമാണ് ഒരു ബിൽ കാലയളവിലെ ഉപഭോഗം. അർഹതയുള്ള LT 6B താരിഫ് അനുസരിച്ച് 500 യൂണിറ്റ് വരെ 6.30 രൂപയും 500യൂണിറ്റിന് മുകളിൽ 7 രൂപയുമാണ്. ഇത് സംബന്ധിച്ച് നൽകിയ 9.11.2017 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെ എസ് ഇ ബി ക്ക് കത്ത് നൽകി അപാകത പരിഹരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 ഐ എ വൈ- ഭവനനിർമ്മാണം നടത്തിയ ഭൂമിയുടെ കൈവശാവകാശം മറ്റ് വ്യക്തികളുടെ പേരിൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ എ വൈ ഭവനപദ്ധതി 2014-15 ടി എസ് പി |
| പ്രോജക്ട് നം | S087/17 |
| അടങ്കൽ | 1,40,000/-(ടി എസ് പി ) |
| ചെലവ് | 1,40,000/- |
| ബിൽ നമ്പർ | 14/2016-17 തീയതി 31.01.2017 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 7 വ്യക്തികൾക്ക് 20,000/-രൂപ വീതം ആകെ 1,40,000/- രൂപ നൽകിയിട്ടുണ്ട്. താഴെ പറയുന്ന 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്തിയ ഭൂമി അവരുടെ കൈവശത്തില്ല ഉള്ളതല്ല.

| ഗുണഭോക്താവിന്റെ പേര്,വിലാസം | അപാകത |
|---|---|
| ശ്യാമള ജിൻസ് പൊങ്ങിൻ ചുവട് ഗിരിജൻ കോളനി 6/747 സി | വസ്തുവിന്റെ കൈവശാവകാശരേഖ പിതാവ് ശ്രീ രാജപ്പന്റെ പേരിലുള്ളതും ടിയാളുടെ മരണശേഷം ഭാര്യ ശ്രീമതി രാജമ്മ രാജപ്പന്റെ പേരിലാവുന്നതുമാണെന്ന് കരാർ പത്രത്തിൽ കാണുന്നു. ശ്രീമതി രാജമ്മ രാജപ്പൻ ടി പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവാണ്. |
| മോഹിനി ശശി പൊങ്ങിൻ ചുവട് ഇടമലയാർ പി ഒ | വസ്തുവിന്റെ കൈവശാവകാശരേഖ മാതാവ് ശ്രീമതി കുട്ടി കോതയുടെ പേരിലുള്ളത്. |
| സന്ധ്യ സുബ്രഹ്മണ്യൻ പൊങ്ങിൻചുവട് ഇടമലയാർ പി ഒ | വസ്തുവിന്റെ കൈവശാവകാശരേഖ പിതാവ് ശ്രീ സുപ്പൻ വളഞ്ചന്റെ പേരിലുള്ളത്. |

ഇത് സംബന്ധിച്ച് നൽകിയ 08.11.2017 ലെ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചിട്ടില്ല. ഭവന നിർമ്മാണം നടത്തിയിരിക്കുന്നത് സ്വന്തം കൈവശാവകാശത്തിലുള്ള ഭൂമിയിൽ അല്ലാത്തതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഭാവിയിൽ ഉണ്ടായാൽ, ഗുണഭോക്താവിന്റെ അവകാശം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ വീട് നിർമ്മിച്ചിട്ടുള്ള ഭൂമിയുടെ കൈവശാവകാശം ഗുണഭോക്താവിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ എ വൈ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

കൂവപ്പടി ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലായി 2014-15, 2015-16 വർഷങ്ങളിൽ ഐ എ വൈ ഭവന പദ്ധതിയിൽ തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് , മേൽവിലാസം | കരാർ ഒപ്പുവച്ച തീയതി | കൈപ്പറ്റിയ തുക/ അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| 2014-15 | | |
| വേങ്ങൂർ | | |
| ഡാനി മനോഹരൻ w/oമനോഹരൻ കോഴിക്കക്കുടി | 23.08.14 | 59,500/- 6.02.15 |
| സാറാമ്മ വർക്കി പുത്തൻപുര | 23.10.14 | 1,50,000/- 06.06.15 |
| ശ്യാമള ശിവൻ പാറപ്പുറത്ത് | 17.10.14 | 1,50,000/- 31.10.15 |
| സവിത പ്രസാദ് കോഴിക്കാടൻ | 23.10.14 | 1,50,000/- 12.05.15 |
| അമ്പിളി ഉലഹന്നാൻ w/o ജോർജ്ജ് മേക്കപ്പാല | രേഖപ്പെടുത്തിയിട്ടില്ല | 65,500/- 21.05.15 |
| മുടക്കുഴ | | |

| | | |
|---|---|---|
| ലക്ഷ്മി വേലായുധൻ<br>മാടപ്പുറം<br>ഇളമ്പകപ്പിള്ളി പി ഒ | 25.08.14 | 1,50,000/-<br>31.12.14 |
| ലീല രവി<br>കൊച്ചുകുടി<br>മുടക്കുഴ പി ഒ | 01.10.14 | 1,50,000/-<br>10.04.15 |
| മേരി യാക്കോബ്<br>പുലക്കുടി<br>തുരുത്തി പി ഒ | 10.10.14 | 1,32,000/-<br>30.01.15 |
| തങ്കമ്മ തങ്കപ്പൻ<br>കവലക്കൽ | രേഖപ്പെടുത്തിയിട്ടില്ല | 1,50,000/-<br>27.04.15 |
| സൂസൻ പാപ്പച്ചൻ<br>മറ്റപ്പിള്ളി | 31.10.14 | 1,21,500/-<br>13.01.15 |
| ജിബി ജോമി<br>ചിറക്കൽ | 12.11.14 | 1,50,000/-<br>24.03.15 |
| മേരി പത്രോസ്<br>പാമ്പ്രക്കാരൻ | 20.10.14 | 1,50,000/-<br>04.04.15 |
| ലളിത രവി<br>പുനത്തിൽ | രേഖപ്പെടുത്തിയിട്ടില്ല | 1,50,000/-<br>06.06.15 |
| ക്രുവപ്പടി | | |
| ജിഷാ ബിജു<br>തേനേൻ | 23.07.14 | 1,50,000/-<br>05.05.15 |
| പ്രിൻസി എൽദോസ്<br>ഈച്ചരംകുടി | രേഖപ്പെടുത്തിയിട്ടില്ല | 1,50,000/-<br>18.04.15 |
| രായമംഗലം | | |
| ബിന്ദു പി എ<br>w/oനിഷാദ്<br>പെരുമ്പിലക്കാട്ടുകുടി | 18.03.15 | 1,89,500/-<br>23.10.15 |
| വൽസ ശിവൻ<br>ചിറങ്ങരക്കുടി | 27.02.15 | (അഡ്വാൻസ് തുക)<br>17,500/-<br>24.03.15 |
| ജയ രാജൻ<br>ചിറയിൽപുത്തൻപുര | 30.07.14 | 1,50,000/-<br>17.11.14 |
| ഉഷാ ബാബു<br>ചേറ്റുകുഴി | രേഖപ്പെടുത്തിയിട്ടില്ല | 1,70,000/-<br>08.10.15 |

| | | |
|---|---|---|
| ജോയ് ഒ കെ<br>ഓലപ്പുര | രേഖപ്പെടുത്തിയിട്ടില്ല | (അഡ്വാൻസ് തുക)<br>17,500/-<br>02.02.15 |
| ഷേർളി റെജി<br>കപ്പിക്കുഴിച്ചാലിൽ | രേഖപ്പെടുത്തിയിട്ടില്ല | (അഡ്വാൻസ് തുക)<br>17,500/-<br>24.03.15 |
| ഒക്കൽ | | |
| സീനത്ത് മുഹമ്മദ്<br>ചന്ദ്രത്തിൽ | രേഖപ്പെടുത്തിയിട്ടില്ല | 150,000/-<br>28.03.15 |
| അലീമ<br>അബ്ദുൾഖാദർ<br>ചിറ്റേത്തുകുടി | 18.07.14 | 1,50,000/-<br>01.11.14 |
| സജീന എൻ ബി<br>നരീക്കാമറ്റം | 27.04.14 | 1,50,000/-<br>24.12.14 |
| സാലി ജോണി<br>പോക്കത്തായി | 25.07.14 | 1,50,000/-<br>12.05.15 |
| മോളി ജോയി<br>ചാമക്കാല | 31.07.14 | 1,50,000/-<br>11.12.14 |
| വിദ്യാ രവി<br>നിരവത്ത് | 05.08.14 | 1,50,000/-<br>18.04.15 |
| ബിന്ദു രഘു<br>തടത്തി | 06.08.14 | 1,50,000/-<br>27.04.15 |
| ബിജി പ്രശാന്ത്<br>പള്ളിപ്പുറം | രേഖപ്പെടുത്തിയിട്ടില്ല | 1,50,000/-<br>31.10.14 |
| ഫാത്തിമ നാസർ<br>കട്ടക്കുഴി | 20.08.14 | 1,50,000/- |
| 2015-16 | | |
| വേങ്ങൂർ | | |
| ഉഷ ഹരിഹരൻ<br>കളരിക്കൽ | 28.09.15 | (അഡ്വാൻസ് തുക)<br>17,500/-<br>27.11.15 |
| ഓമന മോഹനൻ<br>ആറുകണ്ടം | 20.07.15 | 1,50,000/-<br>10.08.16 |
| കുവപ്പടി | | |

| | | |
|---|---|---|
| ബിന്ദു സദാനന്ദൻ മൂതാട്ടുകുടി | 04.12.15 | (അഡ്വാൻസ് തുക) 17,500/- 10.12.15 |
| സന്ദ ഗിരീഷ് കല്ലിക്കുടി | 09.12.15 | (അഡ്വാൻസ് തുക) 17,500/- 28.01.16 |
| വിജി ദിനേശൻ മുണ്ടിയാത്ത് | 20.07.15 | 1,50,000/- 29.03.16 |
| റോസിലി പാപ്പച്ചൻ കളത്തിപ്പറമ്പിൽ | 25.09.15 | (അഡ്വാൻസ് തുക) 17,500/- 05.10.15 |
| ഫാത്തിമ നാസർ ഇഞ്ചക്കുടി നാസർ | 25.02.16 | (അഡ്വാൻസ് തുക) 17,500/- 22.03.16 |
| ആനി w/o രവി മാഞ്ചോട്ടിൽ | 17.09.15 | (അഡ്വാൻസ് തുക) 17,500/- 28.10.15 |
| ലാലി w/o പൗലോസ് കോരോച്ചിക്കുടി | 17.09.15 | (അഡ്വാൻസ് തുക) 17,500/- 24.09.15 |
| മുടക്കുഴ | | |
| രജനി തങ്കപ്പൻ വെട്ടുകാട്ടിൽ | 30.09.2015 | (അഡ്വാൻസ് തുക) 17,500/- 26.10.15 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്തവരുടെ ഭവന നിർമ്മാണം ആരംഭിക്കുന്നതിനും അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത വിഷയത്തിൽ പ്രോജക്ട് നടപ്പിലാക്കി - ചെലവ് **4,58,227/-**

## രൂപതടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 64/17 |
| പ്രോജക്ട് പേര് | കുന്നക്കാട്ടുമല, പെരുമറ്റം,<br>സമഗ്ര ശുചിത്വ പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനിയർ |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,58,227/- |
| ചെലവ് വിവരങ്ങൾ | 1,00,000/- (പ്ളാൻ ഫണ്ട്)D.D No. 5468/21.3.17<br>3,58,227/-(നിർമ്മൽ പുരസ്കാര തുക) ചെക്ക് നം.022086/22.3.17 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കോളനിയുടെ താമസക്കാരുടെ വീടുകളിൽ സാനിറ്ററി പിറ്റ്, അലക്ക്കല്ല്, ടോയിലറ്റ് എന്നിവ നിർമ്മിക്കുന്നതിനും, പൊതുകിണർ സംരക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൻ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4,58,227/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വിവക്ഷിച്ചിട്ടുള്ളതിൽ ഇത്തരത്തിൽ ശുചിത്വ പരിപാലന പദ്ധതികൾ ഉൾപ്പെടുന്നില്ല. ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പാക്കിയതു വഴി ചെലവായ തുക 4,58,227/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-7 ആസ്തിസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നില്ല.

കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് മുകളിലായി പണി കഴിപ്പിച്ചിട്ടുള്ള വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഫ്ളോറിംഗ്, സീലിംഗ് എന്നീ പ്രവൃത്തികൾക്കായി 2016-17 വർഷത്തിൽ ₹ 3,83,092/- ചെലവുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അനുബന്ധ സൗകര്യമൊരുക്കൽ എന്ന പ്രോജക്റ്റിൽ ( നം.67/17) ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. (ഈ കെട്ടിടത്തിൽ വനിതകൾക്കായി തയ്യൽ പരിശീലനം നിലവിൽ നടന്നുകൊണ്ടിരിക്കുന്നു.) ഈ കെട്ടിടത്തിൽ മുൻവർഷത്തെ പ്രോജക്റ്റിൽപ്പെടുത്തി ചെയ്തിട്ടുള്ള ഗ്രിൽ വർക്കുകൾ ചെയ്തിട്ടുണ്ട്. മഴ പെയ്യുമ്പോൾ കാറ്റടി പതിക്കാനുള്ള സാഹചര്യം ഉള്ള സ്ഥലത്താണ് ഗ്രിൽ വച്ചിട്ടുള്ളത്. എന്നാൽ അതിന്മേൽ പെയിന്റടിച്ച് സംരക്ഷണ കവചം തീർത്തിട്ടില്ലാത്തതിനാൽ അവ നിലവിൽ തുരുമ്പെടുത്ത അവസ്ഥയിലാണ്. കൂടാതെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം സ്ഥിതിചെയ്യുന്ന ഈ കെട്ടിടസമുച്ചയത്തിന് ഇതേവരെ നമ്പർ ലഭ്യമായിട്ടില്ലാത്തതിനാൽ ഇവിടേക്ക് വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. മോട്ടോർപുരയിൽ നിന്ന് ലൈൻ വലിച്ചെടുത്ത് വൈദ്യുതി ലഭ്യമാക്കിയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പ്രവർത്തിക്കുന്നത്. വനിത

തൊഴിൽ പരിശീലന കേന്ദ്രത്തിൽ വൈദ്യുതിയില്ലാത്തതിനാൽ ഫാൻപോലും ഫിറ്റ് ചെയ്തിട്ടില്ല. പുതിയ ആസ്തികൾ പണിതീർക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നതോടൊപ്പം, ലക്ഷങ്ങൾ മുടക്കി പണിയുന്ന കെട്ടിടങ്ങളിൽ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തി, അവ ഗുണഭോക്താക്കൾക്ക് ഉപയോഗിക്കുന്നതിന് പര്യാപ്തമാക്കേണ്ടതും, അവയെ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിലവിലുള്ള ആസ്തികൾ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തിവാദിത്തമാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ താഴെപ്പറയുന്ന സംയുക്ത പദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം. പേര് | നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | സെക്രട്ടറി | S0045/17 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം-മുടക്കുഴ ഗ്രാമപഞ്ചായത്ത് | 3,00,000/- | 33/16-17 31.03.17 |
| 2 | സെക്രട്ടറി | S0044/17 മുടക്കുഴ -പൈപ്പ് ലൈൻ നീട്ടൽ | 2,00,000/- | 24/16-17 14.03.17 |
| 3 | സെക്രട്ടറി | S0092/17 പാലിയേറ്റീവ് കെയർ പദ്ധതി-രായമംഗലം, കുവപ്പടിഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | 2,00,000/- 2,50,000/- | 25/16-17 31.03.17 26/16-17 31.03.17 |
| 4 | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | S0048/17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,50,000/- (ഒക്കൽ ഗ്രാമപഞ്ചായത്ത്) | 1/16-17 19.06.17 |

കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-9 വാറ്റ് കുറവ് ഈടാക്കി

കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2016-17ൽ നിർവ്വഹണം നടത്തിയ "ചേലാമറ്റം അമ്പലം റോഡ് പുനരുദ്ധാരണം" എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ. സത്യശീലൻ വാറ്റ് കോമ്പൌണ്ടിങ്ങ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വാറ്റ് കോമ്പൌണ്ട് ചെയ്യാത്ത കോൺട്രാക്ടർമാരിൽ നിന്ന് 12.5% നിരക്കിൽ വാറ്റ് ഈടാക്കണമെന്ന് 31.1.2007 ലെ 15179/DPI/2006 സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് (23.3.2017 ലെ 20/16-17 ബിൽ പ്രകാരം ) 3,76,913/- രൂപയാണ് കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളത്. . വാറ്റ് ഇനത്തിൽ ഈടാക്കേണ്ടത് ഈ തുകയുടെ 12.5% തുകയായ 47114 ആണെന്നിരിക്കെ 10% തുകയായ 37692/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കുറവായി ഈടാക്കിയ 9422/- (47114-37692) രൂപ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനിയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കൂവപ്പടി ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾ | 65,01,560 | ഐ എ വൈ | 11,57,500 | 53,44,060 |
| ജില്ലാ പഞ്ചായത്ത് | 1,98,96,110 | ഐ എ വൈ | 58,69,999 | 1,40,26,111 |

വാർഷിക കണക്കുകളുടെ RP -31 ഷെഡ്യൂളിൽ 320700203, 205എന്നീ ഹെഡുകൾ പ്രകാരം 2,82,89,075/- രൂപ സംയുക്ത പ്രൊജക്ടുകൾക്കായി വരവുണ്ട്. എന്നാൽ പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 2,63,97,670/- രൂപയാണ് വരവ്. പിഎം എ വൈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 12,91,405/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ 6,00,000/-രൂപയും കൂടി ആകെ 18,91,405/-രൂപ കൂട്ടുതലായി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്ക് 2016-17 വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പ ലഭിച്ചതിന്റേയും / വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ബാങ്കിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാ ക്കി യുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം പിൻ വലിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ. വൈ. ഭവന നിർ മ്മാണം | സ.ഉ. സാധാ. 90/13/ ത.സ്വഭ. വ /14.3.13 | 1,04,25,000 | 1,04,25,000 | 0 | 40,83,513 | 2,66,919 | 63,41,487 |

വാർഷിക കണക്ക് പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 60,74,689/-രൂപയാണ്. ബാങ്ക് പാസ് ബുക്ക് പ്രകാരം 266919/- രൂപ പലിശയിനത്തിൽ അടവാക്കിയത് മുതലിൽ നിന്ന് കുറച്ച തുകയാണ് വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 576/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-1 | 576 | ശ്രീ പി ആർ വിജയകുമാർ, സെക്രട്ടറി | 3,947/- 27.02.2017 |
| ആകെ 576/- | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(a) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി.സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(b) പേജ് 41 | 29,000 | കൂവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം IV 7(43)(c) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,27,04,018.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,98,49,294.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,58,227/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| ഇല്ല |
|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 4,58,227/- | ശ്രീ.ജോജോ മാത്യു, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 9,422/- | ശ്രീ.ജോജോ മാത്യു, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ശ്രീ. ജോജോ മാത്യു, അസി. എക്സി. എഞ്ചിനിയർ, ചെള്ളുപറമ്പിൽ, മുതലക്കോട് . പി. ഒ, തൊടുപുഴ, ഇടുക്കി ജില്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011 /21.11.2011 | |
| 1998-99 | | |
| 1999-2000 | | |
| 2000-01 | | |
| 2000-01 | | |
| 2001-02 | | |

| | | |
|---|---|---|
| 2002-03 | | |
| 2003-04 | | |
| 2004-05 | | |
| 2005-06 | | 2 |
| 2006-07 | | 5 |
| 2007-08 | | 1 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)121/ 2016/ 3.3.2016 | 1 |
| 2009-10 | | 2 |
| 2010-11 | | 1 |
| 2011-12 | | 4 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.1) 296/2014 /25.3.2014 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)572/ 2016/ 4.4.2016 | 15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)354/ 2017/ 3.4.2017/6.5.2017 | 7 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)2099/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളംസിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 30.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

AUDIT CERTIFICATE – 2016-17

No.KSA-EKM(BP)2099/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail:doekm.ksad@kerala.gov.in
Date : 30.11.2017

Certified that I have audited the Annual Financial Statement of Koovappady Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Koovappady Block Panchayat for the year 2016-17 except the observations in Para 2-1 of audit report prorperly presents the picture of income and expenditure.

Joint Director